പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3604 17.10.2011 ൽ മറുപടിക്ക്.

## അസിസ്റ്റന്റ് സർജൻമാരുടെ നിയമനം

**ചോദ്യം**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

എ) അസിസ്റ്റന്റ് സർജൻമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാമമാത്രമായ നിയമനം നടത്തുകയും സംസ്ഥാനത്ത് ഡോക്ടർമാരുടെ അഭാവമുണ്ടെന്ന് പറയുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി; എത്ര പേർകൂടി ബാക്കിയുണ്ട്; നിലവിൽ എത്ര ഒഴിവുകളുണ്ട്; വിശദവിവരം വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പു മന്ത്രി)

എ) അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് പി.എസ്.സി യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നുണ്ടെങ്കിലും ഡോക്ടർമാർ ജോലിക്ക് ഹാജരാകാത്തതു കാരണമാണ് ആശുപത്രികളിൽ അവരുടെ അഭാവം ഉണ്ടായിട്ടുള്ളത്.

ബി) 13.01.2011 -ൽ നിലവിൽ വന്ന അസിസ്റ്റന്റ് സർജൻ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 2144 ഉദ്യോഗാർത്ഥികളിൽ 616 പേർക്ക് നാളിതുവരെ നിയമന ശുപാർശ നൽകിയിട്ടുണ്ട്. ടി റാങ്ക് ലിസ്റ്റിൽ ഇനി 1528 പേർ അവശേഷിക്കുന്നുണ്ട്.

പി.എസ്.സി നിയമന ശുപാർശ നല്കിയ 616 പേരിൽ 381 പേർക്ക് നിയമന ഉത്തരവ് നൽകുകയുണ്ടായി. 235 പേർക്ക് നിയമനം നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. 89 ഒഴിവുകൾ നിലവിലുണ്ട്.

Ajay Ashu

സെക്ഷൻ ഓഫീസർ